പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1734

06.07.2015ൽ മറുപടിക്ക്.

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ)+(ബി)+(സി) ഹൈക്കോടതിയുടെ ശുപാർശ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി-മലപ്പുറം, മാനന്തവാടി-വയനാട്, കൊട്ടാരക്കര-കൊല്ലം എന്നിവിടങ്ങളിലായി പ്രത്യേക കോടതികൾ സ്ഥാപിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ദേശീയ സംസ്ഥാന പട്ടികജാതി കമ്മീഷനുകളുടെ നിർദ്ദേശാനുസരണം ഇപ്രകാരം എത്ര കോടതികളാണ് സ്ഥാപിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | |
| (സി) അപ്രകാരം കോടതികൾ സ്ഥാപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ? | |

Hema.V
സെക്ഷൻ ഓഫീസർ